**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 568** **11-07-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലയോര ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മുതൽ കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് വരെ ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ 13 ജില്ലകളിലൂടെ മലയോര ഹൈവേ കടന്നു പോകുന്നു. ഇതിന്റെ ആകെയുള്ള 1166.27 കിലോമീറ്ററിൽ 793.68 കിലോമീറ്റർ ദൂരം കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു മുഖേനയാണ് നടപ്പിലാക്കുന്നത്. സ.ഉ(സാ.ധാ)നം. 942/2017/പൊമവ തീയതി 10/7/2017പ്രകാരം മലയോര ഹൈവേ പദ്ധതിയ്ക്കായി 3500 കോടി രൂപ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ലഭ്യമാക്കി 12 മീറ്റർ വീതിയിൽ DBM & BC നിലവാരത്തിൽ ഡിസൈൻ റോഡ് നിർമിക്കുന്നതിനാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് നിർവ്വഹണം നടത്തുന്ന 55 സ്ട്രെച്ചുകളിൽ 52 സ്ട്രെച്ചുകൾക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 സ്ട്രെച്ചുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, ശേഷിക്കുന്ന സ്ട്രെച്ചുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നതുമാണ്. കെ.ആർ.എഫ്.ബി - പി.എം.യു-വിന്റെ കീഴിൽ 488.63 കി മീ ദൂരം സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ 297.595 കി മീ പ്രവൃത്തി പുരോഗമിക്കുന്നു. 149.175 കി.മി റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ബാക്കിയുള്ള 305.05 കി.മീ സാമ്പത്തികാനുമതി ലഭ്യമാക്കി, സാങ്കേതികാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3505 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. ഇതിൽ 1288 കോടി രൂപ പ്രവൃത്തികൾക്കായി ചിലവഴിച്ചിട്ടുമുണ്ട്.<br><br>ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ മലയോര ഹൈവേ പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി നേരിട്ട് അവലോകന യോഗങ്ങൾ നടത്തി വരുന്നു. ഇത് കൂടാതെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും പദ്ധതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. മലയോര ഹൈവേ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താനും പ്രവൃത്തികളിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും കെ.ആർ.എഫ്.ബി – പി.എം.യു പ്രൊജക്റ്റ് ഡയറക്ടർ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും കിഫ്ബി എഞ്ചിനീയർമാരെയും കരാറുകാരെയും ഉൾപ്പെടുത്തി ദ്വൈവാര അവലോകന യോഗങ്ങൾ നടത്തി വരുന്നു. പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ മലയോര ഹൈവേയിലുൾപ്പെട്ട പ്രവൃത്തികൾക്ക് പ്രത്യേകമായും അവലോകന യോഗങ്ങൾ നടത്താറുണ്ട്. |
| (ബി) | മലയോര ഹൈവേയിൽ ആവശ്യമായ സുരക്ഷാ മുൻകരുതലുകളും വിശ്രമസങ്കേതങ്ങളും ഒരുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | മലയോര ഹൈവേ കടന്നു പോകുന്ന മേഖലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് റോഡ് സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി ഓരോ പ്രവർത്തിയുടെയും ഡിപിആർ നിർമ്മാണ വേളയിൽ തന്നെ IRC മാനദണ്ഡ പ്രകാരമുള്ള റോഡ് സേഫ്റ്റിക്ക് ആവശ്യമായ ഘടകങ്ങൾ റോഡ് ഡിസൈനിലും റോഡ് ഫർണിച്ചറുകളിലും ഉൾപ്പെടുത്തുകയും അത് പ്രകാരം തന്നെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നു. റോഡിൽ അപകട സാധ്യത കൂടിയ മേഖലകൾ പ്രത്യേകം അറിയുന്നതിനായി അപകടസൂചന ബോർഡുകളും റിഫ്ലക്ടറുകളും ദിശാസൂചക ബോർഡുകളും Object Hazard marker ബോർഡുകൾ Delineators metal beam crash barrier പോലുള്ളവയും സ്ഥാപിക്കുന്നു. കൂടാതെ റോഡ് പൂർത്തികരിച്ചതിനു ശേഷം കിഫ്ബിയുടെ നേതൃത്വത്തിൽ NATPAC- നെ കൊണ്ട് റോഡ് സേഫ്റ്റി ഓഡിറ്റും നടത്തിവരുന്നു. മലയോര ഹൈവേയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കൊല്ലം ജില്ലയിലെ പുനലൂർ KSRTC ജംഗ്ഷൻ - അഗസ്ത്യകോട് – ആലഞ്ചേരി – കുളത്തുപ്പുഴ – മടത്തറ – കൊല്ലയിൽ റോഡിൽ ഒരു പാതയോര വിശ്രമകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ